**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1358

02.03.2017- ൽ
മറുപടിയ്ക്ക്

## ഒറ്റപ്പാലം ടൗണിലെ അനധികൃത കൈയ്യേറ്റങ്ങൾ

ചോദ്യം
ശ്രീ.പി.ഉണ്ണി

മറുപടി
ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) ഒറ്റപ്പാലം ടൗണിലെ അനധികൃത കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന വ്യക്തമാക്കാമോ ; | (എ) ഒറ്റപ്പാലം ടൌണിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി സ്പെഷ്യൽ സർവ്വെ സ്ക്വാഡ് രൂപീകരിച്ച് പരിശോധിക്കുകയും 52 കയ്യേറ്റങ്ങൾ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ആയതിൽ 29 എണ്ണം ഒഴിപ്പിച്ചിട്ടുള്ളതും. 16 കേസുകളിൽ ബഹു.ഹൈക്കോടതിയിൽ സ്റ്റേ ഉള്ളതും മറ്റുള്ളവയിൽ നടപടികൾ തുടരുകയുമാണ്. |
| (ബി) ഒറ്റപ്പാലം ടൗൺ ബ്യൂട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട് ഓടകളും, ഫുട്പാത്തുകളും നിർമ്മിക്കുന്നതിനായി, എത്ര രൂപയുടെ പ്രപ്പോസലാണ് ഭരണാനുമതിക്കായി സർക്കാരിൽ സമർപ്പിച്ചിരിക്കുന്നത് ; വിശദാംശം ലഭ്യമാക്കുമോ ; | (ബി) ഒറ്റപ്പാലം ടൌൺ ബ്യൂട്ടിഫിക്കേഷനു വേണ്ടി 24 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. |
| (സി) ഒറ്റപ്പാലം റെയിൽവേസ്റ്റേഷന്റെ ബി.എം &ബി.സി.നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഫണ്ട് അനുവദിക്കുന്നതിനായുള്ള പ്രപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) ഒറ്റപ്പാലം റയിൽവെസ്റ്റേഷൻ ബി.എം & ബി.സി നിർമ്മാണ പ്രവർത്തനങ്ങൾക്കായി 120 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 2016-17 വർഷത്തിലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി അനുമതിക്കായി സമർപ്പിച്ചുവെങ്കിലും ആയതിന് ഫണ്ട് ഒന്നും തന്നെ വകയിരുത്തിയിട്ടില്ല. |

Indu.G.S

സെക്ഷൻ ഓഫീസർ